LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. കനാലുകളിൽനിന്നും വളരെയകലെയുള്ള കൃഷിയിടത്തേയ്ക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാകും. കുളങ്ങൾ, തടയണകൾ, വി.സി.ബി.കൾ (Vented Cross Bars), ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തി കൃഷി-സഹകരണ വകുപ്പുകളുമായി സഹകരിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയും 2021-22 വർഷത്തിൽ 17 കോടി രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നാണ്യവിളകളായ ഏലം, കുരുമുളക്, ജാതി, തെങ്ങ്, കൊക്കോ, കാപ്പി, കവുങ്ങ് തുടങ്ങിയവയും ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവയുമാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം നൽകി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

(ഡി) നിലവിൽ കാർഷികവിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല.

ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ

11(*39) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം നിർബന്ധമാക്കിയ അടച്ചുപൂട്ടൽ മറ്റു രംഗങ്ങളിലെന്നപോലെ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനത്തിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രതിസന്ധിക്കിടയിലും ക്ഷേത്രജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ദീർഘകാലത്തിനുശേഷം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ശമ്പള ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരെ നിയമിക്കാനുള്ള തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടത്തുന്ന നിയമനത്തിന്റെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) ഉണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉയർന്ന വരുമാനമുണ്ടായിരുന്ന ചുരുക്കം ചില ക്ഷേത്രങ്ങളിലൊഴികെ, സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുകയും, ദൈനംദിന ചെലവുകൾ നടത്തുന്നതിനും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും കഴിയാതെവരികയും ചെയ്തിട്ടുണ്ട്. ബോർഡിന് കീഴിലുള്ള ഭൂരിപക്ഷം ക്ഷേത്രങ്ങളും സാമ്പത്തിക പ്രതിസന്ധിയിലായതോടെ കൂടുതൽ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടി വന്നിട്ടുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്, ബന്ധപ്പെട്ട അലോട്ട്മെന്റിന് പുറമെ, അധിക ധനസഹായമായി സർക്കാർ അനുവദിച്ച 20 കോടി രൂപയിൽനിന്നും 19 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 8,20,00,000 (എട്ട് കോടി ഇരുപത് ലക്ഷം) രൂപയും ഉപയോഗപ്പെടുത്തുക വഴി, ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. 12-2-2021-ലെ സ.ഉ. (കയ്യെഴുത്ത്)നമ്പർ57/2021/റവ. പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടത് പ്രകാരം ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണുള്ളത്.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 12-2-2021-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 57/2021/റവ. പ്രകാരം ബോർഡിന് കീഴിലുള്ള മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതോടെ, പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകുവാൻ കഴിയുന്നതാണ്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്ടൈം ശാന്തി തസ്തികയിലേക്ക് 30 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് 14 പേർക്കും ഈഴവ സമുദായമുൾപ്പെടെയുള്ള മറ്റ് പിന്നാക്ക സമുദായങ്ങളിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേക്ക് 152 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേക്ക് 98 പേർക്കും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടൽ

12(*40) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയ്ക്കായി പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും ജലസംരക്ഷണത്തിനും അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) രണ്ട് പ്രളയങ്ങൾക്ക് ശേഷം നദികളിലടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പരിപാടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly